**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2894** **13-10-2021 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ട് ഉപയോഗിച്ച് നവീകരിക്കുന്നതിന് അനുമതി ലഭിച്ച വിവിധ റോഡുകളിലുള്ള വാട്ടർ അതോറിറ്റിയുടെ കേടുവന്നതും പഴയതുമായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; | (എ) | കിഫ്ബി ഫണ്ട് ഉപയോഗിച്ച് നവീകരിക്കുന്നതിന് അനുമതി നൽകിയ ഒല്ലൂർ - എടക്കുന്നി റോഡിലും, മുരിങ്ങൂർ - ഏഴാറ്റുമുഖം റോഡിലും പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവർത്തി പുരോഗമിച്ചു വരുന്നു. കൊടകര- വെള്ളിക്കുളങ്ങര റോഡിലെ പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവർത്തിക്കുള്ള അടങ്കൽ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു . |
| (ബി) | പുതുക്കാട് മണ്ഡലത്തിലെ നന്തിപുലം - വരന്തരപ്പിള്ളി, പുതുക്കാട് - മുപ്ലിയം, കല്ലൂർ - തൃശ്ശൂർ, ചങ്ങാലൂർ - മണ്ണംപേട്ട - മാവിൻചോട്, പൂച്ചിന്നിപ്പാടം - ചാത്തക്കുടം എന്നീ റോഡുകളിലെ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | പുതുക്കാട് മണ്ഡലത്തിലെ പുതുക്കാട്-മുപ്ലിയം റോഡിൽ പൈപ്പുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. നന്തിപുലം - വരന്തരപ്പിള്ളി, കല്ലൂർ - തൃശ്ശൂർ, ചങ്ങാലൂർ - മണ്ണംപേട്ട - മാവിൻചോട്, എന്നി റോഡുകളിൽ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പൂച്ചിന്നിപ്പാടം - ചാത്തക്കുടം റോഡിലെ പഴയ പൈപ്പുകൾ പഞ്ചായത്തിന്റെ നിക്ഷേപ പ്രവർത്തികളിൽപെടുത്തി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ